08/06/2020

29/02/2020


സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം
തിരുവനന്തപുരം_695 001
Tel: 0471 2561600/2561614/2561603/2332533, Fax: 0471 2330920
Email: sic.ker@nic.in


**ഹർജി നമ്പർ AP.No.1080(4)/2012/SIC തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**

**File No.6681/SIC-Gen 2/2012**

സന്നിഹിതൻ

ശ്രീ.കെ.വി.സുധാകരൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ

| | |
|---|---|
| ശ്രീ. ടി.പി. വേണുഗോപാൽ,<br>"ഗായത്രി", പുത്തൻഗ്രാമം,<br>കുനിശ്ശേരി പി.ഒ.,<br>പാലക്കാട് ജില്ല – 678 681. | അപ്പീൽ ഹർജിക്കാരൻ |
| 1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,<br>ആലത്തൂർ പോലീസ് സ്റ്റേഷൻ,<br>ആലത്തൂർ പി.ഒ.,<br>പാലക്കാട്.<br><br>2. അപ്പീൽ അധികാരി &<br>ആലത്തൂർ സർക്കിൾ ഇൻസ്പെക്ടറുടെ കാര്യാലയം,<br>ആലത്തൂർ പി.ഒ.,<br>പാലക്കാട് – 678 541. | എതിർകക്ഷികൾ |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരൻ ആലത്തൂർ പോലീസ് സ്റ്റേഷനിലെ ചില വിവരങ്ങൾ അറിയുന്നതിന് 08.03.12ൽ നൽകിയ വിവരാവകാശ അപേക്ഷയ്ക്ക് കൃത്യമായ മറുപടി ലഭിച്ചില്ല എന്നതാണു പരാതി.

2. ഇതുമായി ബന്ധപ്പെട്ട് 15.06.12ൽ കമ്മീഷൻ ആവശ്യപ്പെട്ടതനുസരിച്ച് 22.07.12ൽ രണ്ടാം എതിർകക്ഷി റിപ്പോർട്ട് സമർപ്പിച്ചു. റിപ്പോർട്ടിൽ ഇപ്രകാരം പറയുന്നു.

"അപ്പീൽ ഹർജിക്കാരന്റെ 08.03.12ലെ അപേക്ഷ സ്റ്റേഷനിൽ ലഭിച്ചിട്ടില്ല എന്നാണ് മനസ്സിലാക്കാൻ കഴിഞ്ഞത്. 16.04.12ലെ അപ്പീൽ നമ്പർ 30/RTI/F/12 ആയി രജിസ്റ്റർ ചെയ്ത് അപ്പീൽ നടപടിയായി നിർദ്ദേശങ്ങളോടു കൂടി SPIO ആയ ആലത്തൂർ പോലീസ് സ്റ്റേഷനിലെ SPIO ആയ SIക്കും പകർപ്പ് അപേക്ഷകനും അയച്ചുകൊടുത്തിട്ടുള്ളതാണ്. ആലത്തൂർ സ്റ്റേഷനിലെ SPIO ടി പരാതിക്കു മറുപടി തപാൽ മാർഗം അയച്ചുകൊടുത്തിട്ടുള്ളതാണ്. ആയതിന്റെ പകർപ്പ് അപ്പീൽ അധികാരിയായ എനിക്കും അയച്ചു തന്നിട്ടുള്ളതാണ്."

3. അപേക്ഷകന് അയച്ചു കൊടുത്തിട്ടുള്ള മറുപടിയുടെ പകർപ്പ് കമ്മീഷനും നൽകിയിട്ടുണ്ട്.

4. ഇതു പരിശോധിച്ചതിൽ, അപ്പീൽ ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾ ഇതിനകം ടിയാനു ലഭിച്ചിട്ടുള്ളതായി കമ്മീഷൻ വിലയിരുത്തുന്നു. ഇനിയും ടിയാന് പരാതിയുണ്ടെങ്കിൽ, ആയത് കമ്മീഷനെ അറിയിച്ചാൽ പരാതി ഹർജിയായി പരിഗണിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതായിരിക്കും എന്നും നിർദ്ദേശിച്ചു കൊണ്ട് അപ്പീൽ ഹർജിയിന്മേൽ ഇന്നേ ദിവസം, 2020 ഫെബ്രുവരി മാസം 29-ാം തീയതി കമ്മീഷൻ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഒപ്പ്)
**കെ.വി.സുധാകരൻ**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

**കമ്മീഷൻ സെക്രട്ടറി**

STATE INFORMATION COMMISSION KERALA THIRUVANANTHAPURAM

gk.